REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 12-07-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ക്രമീകരണം വരുത്താൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. മലപ്പുറം, കാസർകോട് ജില്ലകളിൽ പ്ലസ് വൺ ബാച്ചുകൾ അനുവദിച്ചു.
- വിഴിഞ്ഞം തുറമുഖത്തിന്റെ ട്രയൽ റണ്ണും, മദർ ഷിപ്പിന്റെ ഔദ്യോഗിക സ്വീകരണവും ഇന്ന് . മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളും പങ്കെടുക്കും.
- മുൻ അഗ്നിവീറുകൾക്ക് കേന്ദ്രസേനകളിൽ പത്ത് ശതമാനം സംവരണം നടപ്പാക്കും.
- വനം വകുപ്പിലെ കുടിശ്ശിക തുകകൾ നൽകി തുടങ്ങിയതായി മന്ത്രി എ.കെ.ശശീന്ദ്രൻ.
- സംസ്ഥാനത്ത് കായികവകുപ്പിന്റെ നേതൃത്വത്തിൽ ഇ-സ്പോർട്സ് ഹബ്ബുകൾ തുടങ്ങുന്നതിന് നടപടി ആരംഭിച്ചു.

## വാർത്തകൾ വിശദമായി

**കേന്ദ്രനടപടികൾ കാരണം ഉണ്ടായ സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ക്രമീകരണം വരുത്താൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇതിനായി മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു.**

**ഡെസ്ക്ക് റിപ്പോർട്ട്**

....(വോയ്സ്)....

ധനകാര്യം, റവന്യൂ, വ്യവസായം-നിയമം, ജലവിഭവം, ഊർജ്ജം, വനം, തദ്ദേശ ഭരണം-എക്സൈസ് വകുപ്പ് മന്ത്രിമാരാണ് ഉപസമിതിയിലെ അംഗങ്ങൾ. തുടർന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ ഉൾപ്പെടെയുള്ളവയ്ക്ക് വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകുന്നതിനു മുമ്പ് പ്രോജക്ടിന്റെ അനിവാര്യത പരിശോധിക്കും. ഇക്കാര്യം പരിശോധിച്ച് ശുപാർശ നൽകാൻ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ആസൂത്രണ വകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരുടെ കമ്മിറ്റി രൂപീകരിക്കും

വരുമാന വർദ്ധനയ്ക്ക് ഫീസുകളുടെ പരിഷ്ക്കരണത്തിനും നികുതിയേതര റവന്യൂ വർദ്ധയ്ക്കും നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിശോധിക്കും. ഇതു സംബന്ധിച്ച ശുപാർശകൾ ഓരോ വകുപ്പ് സെക്രട്ടറിയും തയ്യാറാക്കി ഈ മാസം 26 ന് മുമ്പ് ഉത്തരവ് പുറപ്പെടുവിക്കാനും തിരുമാനിച്ചു.

പ്ലസ് വൺ പ്രവേശനത്തിന് മലപ്പുറം ജില്ലയിൽ ഹ്യുമാനിറ്റീസ് കോമ്പിനേഷനിൽ 59 ബാച്ചുകളും, കോമേഴ്സ് കോമ്പിനേഷനിൽ 61 ബാച്ചുകളും ഉൾപ്പെടെ 120 ഉം, കാസർകോട്ട് ഒരു സയൻസ് കോമ്പിനേഷനും നാല് ഹ്യുമാനിറ്റീസ് ബാച്ചുകളും, 13 കൊമേഴ്സ് കോമ്പിനേഷനുകളും ഉൾപ്പെടെ 18 ഉം താൽക്കാലിക ബാച്ചുകൾ അനുവദിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

വകുപ്പുകൾ തമ്മിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനും സമയബന്ധിതമായി തീരുമാനങ്ങളെടുക്കുന്നതിനും ഏകോപനങ്ങൾക്കുമായി ധനകാര്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, നിയമ വകുപ്പുമന്ത്രി എന്നിവരുൾപ്പെടുന്ന മന്ത്രിസഭാ ഉപസമിതി രൂപീകരിക്കും.

ഓയിൽഫാം ഇന്ത്യാ ലിമിറ്റഡിലെ ജീവനക്കാർക്ക് 11-ാം ശമ്പളപരിഷ്ക്കരണ ആനുകൂല്യങ്ങൾ 2019 ജനുവരി ഒന്നു മുതൽ പ്രാബല്യത്തിൽ അനുവദിക്കും. മിൽമ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കും.

പിണറായിയിൽ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് ആരംഭിക്കാൻ തീരുമാനിച്ച മന്ത്രിസഭ ഇതിനായി തസ്തികകളും അനുവദിച്ചു.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന്റെ ട്രയൽ റണ്ണും, മദർ ഷിപ്പിന്റെ ഔദ്യോഗിക സ്വീകരണവും ഇന്ന് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ, മന്ത്രി വി.എൻ വാസവൻ തുടങ്ങിയ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

രണ്ട് മുതൽ മൂന്ന് മാസം വരെയാണ് ട്രയൽ ഓപ്പറേഷൻ . സെപ്തംബർ-ഒക്ടോബർ മാസത്തോടെ വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യും.

സാൻ ഫെർണാണ്ടോ കപ്പൽ ചൈനയിലെ ഷിയാമൻ തുറമുഖത്ത് നിന്ന് ഇന്നലെ രാവിലെയാണ് വിഴിഞ്ഞത്ത് എത്തിയത്. 2,000 കണ്ടെയ്നറുകൾ വിഴിഞ്ഞത്ത് ഇറക്കി. കപ്പൽ ഇന്ന് തുറമുഖം വിടും. ഫീഡർ കപ്പലുകൾ എത്തുന്നതോടെ ചരക്കു മാറ്റത്തിന് നാളെ തുടക്കമാകും. തുറമുഖത്ത് മൂന്ന് മാസം നീണ്ടു നിൽക്കുന്ന ട്രയൽ റണിൽ മദർഷിപ്പുകൾ തുടർച്ചയായി എത്തും.

✪✪✪

അതിനിടെ ക്ഷണിക്കാത്തതിനാൽ ഉദ്ഘാടന ചടങ്ങിൽ നിന്ന് വിട്ടു നിൽക്കുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അറിയിച്ചു. ഡോ. ശശിതരൂർ MP യും ചടങ്ങിനെത്തില്ലെന്ന് അറിയിച്ചിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പങ്ക് അവഗണിക്കുന്നതിനെതിരെ ജില്ലാ ആസ്ഥാനങ്ങളിൽ ഇന്ന് പ്രകടനം നടത്തുമെന്ന് UDF അറിയിച്ചു.

✪✪✪

മുൻ അഗ്നിവീറുകൾക്ക് പത്ത് ശതമാനം സംവരണം നടപ്പാക്കുമെന്ന് കേന്ദ്ര സേനകൾ പ്രഖ്യാപിച്ചു. ഇവർക്ക് പ്രായത്തിൽ ഇളവ് ലഭിക്കുമെന്നും ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ് ഉണ്ടാകില്ലെന്നും ബോർഡർ സെക്യൂരിറ്റി ഫോഴ്സ്, സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ്, സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്, സശാസ്ത്ര സീമ ബെൽ തുടങ്ങിയ കേന്ദ്ര സേനാ മേധാവികൾ പറഞ്ഞു,

സെൻട്രൽ ആംഡ് പോലീസ് ഫോഴ്സുകളിൽ മുൻ അഗ്നിവീറുമാരെ റിക്രൂട്ട് ചെയ്യുന്നതിനു വലിയ നടപടിയാണ് ആഭ്യന്തര മന്ത്രാലയം സ്വീകരിച്ചിരിക്കുന്നതെന്ന് CISF ഡയറക്ടർ ജനറൽ നീന സിംഗ് ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. കോൺസ്റ്റബിൾമാരുടെ പത്ത് ശതമാനം ഒഴിവുകൾ മുൻ അഗ്നിവീറുകൾക്കായി സംവരണം ചെയ്യുമെന്നും അവർ അറിയിച്ചു.

✪✪✪

2014 മുതൽ 10 വർഷത്തിനുള്ളിൽ രാജ്യത്ത് 12.5 കോടി തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്ന് BJP അറിയിച്ചു. ലോകത്തെ ഏറ്റവും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രാജ്യങ്ങളിലൊന്നായി ഇന്ത്യയുടെ സ്ഥാനം ഇത് ഉറപ്പിച്ചെന്നും പാർട്ടി വക്താവ് ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

രാജ്യത്തെ ആത്മഹത്യ തടയാൻ ആരോഗ്യമന്ത്രാലയം നടത്തുന്ന ശ്രമങ്ങൾ സംബന്ധിച്ച് തൽസ്ഥിതി റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്രഗവൺമെന്റിനോട് സുപ്രീം കോടതി ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച സത്യവാങ്മൂലം

നാലാഴ്ചയ്ക്കകം സമർപ്പിക്കാൻ ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നിർദ്ദേശിച്ചു.

കുട്ടികൾ ആത്മഹത്യ ചെയ്യുന്നത് ഗൗരവമേറിയ വിഷയമായി നിരീക്ഷിച്ച കോടതി, രാജ്യത്ത് ഇത്തരം സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയിക്കാനും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടു. ഡൽഹിയിൽ കൗമാരക്കാർ ആത്മഹത്യ ചെയ്യുന്ന വിഷയത്തിൽ സമർപ്പിച്ച പൊതുതാൽപര്യ ഹർജി പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി.

✪✪✪

ബോംബെ ഹൈക്കോടതിയിലെ മുതിർന്ന ജഡ്ജിയും ആക്ടിങ് ചീഫ് ജസ്റ്റിസുമായ നിതിൻ മധുകർ ജാംദാറിനെ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയി നിയമിക്കാൻ സുപ്രീം കോടതി കൊളീജിയം ശുപാർശ ചെയ്തു. ചീഫ് ജസ്റ്റിസ് ആശിഷ് ദേശായി വിരമിച്ച ഒഴിവിലേക്കാണ് ശുപാർശ. മഹാരാഷ്ട്ര സ്വദേശിയാണ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ.

✪✪✪

BSNL, 4G, സേവനം കോഴിക്കോട്, വയനാട് ജില്ലയിലാകെ ലഭ്യമാക്കത്തെ വിധം ഉടനെ വിപുലപ്പെടുത്തണമെന്ന് M.K രാഘവൻ M.P ടെലിഫോൺ ഉപദേശസമിതി യോഗത്തിൽ ആവശ്യപ്പെട്ടു. മൊബൈൽ സേവനം തീർത്തും ലഭ്യമാകാത്ത മേഖലകളിൽ കൂടി നെറ്റ് വർക്ക് എത്തിക്കുന്നതിന് നടപടി കൈകൊള്ളണമെന്നും, അടഞ്ഞുകിടക്കുന്ന എക്സേഞ്ചുകളും വരുമാനം ലഭിക്കത്തക്കവിധം ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര ഗവൺമെന്റിന്റെ ഭാരത് ഉദ്യമി പദ്ധതിയുടെ പ്രയോജനങ്ങൾ ഉപയോഗപ്പെടുത്തി ഗ്രാമങ്ങളിൽ ഇന്റർനെറ്റ് സേവനം പരമാവധി ലഭ്യമാക്കാൻ ശ്രമം ഊർജ്ജിതമാക്കണമെന്നും യോഗത്തിൽ ആവശ്യമുയർന്നു.

✪✪✪

വനം വകുപ്പിലെ കുടിശ്ശിക തുകകകൾ നൽകി തുടങ്ങിയതായി മന്ത്രി എ.കെ.ശശീന്ദ്രൻ അറിയിച്ചു. വിവിധ ഡിവിഷനുകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഫോറസ്റ്റ് വാച്ചർമാർക്കും മറ്റ് ജീവനക്കാർക്കും വേതന കുടിശ്ശിക ഉടൻ കൊടുത്തു തീർക്കുമെന്നും മന്ത്രി അറിയിച്ചു.

മനുഷ്യ- വന്യജീവി സംഘർഷം മൂലം ജീവനും സ്വത്തിനും നാശനഷ്ടം സംഭവിച്ച ആളുകൾക്കും അവകാശികൾക്കും നഷ്ടപരിഹാരം നൽകുന്നതിന് തുകയും അനുവദിച്ചതായി മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

കേരള ഡിജിറ്റൽ സർവകലാശാലയിൽ നിർമ്മിത ബുദ്ധി കേന്ദ്രം സ്ഥാപിക്കാൻ യു കെയിലെ എഡിൻബറോ സർവകലാശാലയിലെ അലൻ ടൂറിംഗ് ഇൻസ്റ്റിറ്റ്യൂട്ടും കേരള ഡിജിറ്റൽ സർവകലാശാലയുടെ ഡിജിറ്റൽ സയൻസ് പാർക്കും കരാറൊപ്പിട്ടു. നിർമ്മിതബുദ്ധി, ഹാർഡ് വെയർ, റോബോട്ടിക്സ്, ജെൻ എഐ എന്നീ മേഖലയിൽ ഗവേഷണങ്ങൾക്ക് അതീവ പ്രാധാന്യമാണ് ഇതോടെ കൈവരുന്നത്.

കൊച്ചിയിൽ KSIDC സംഘടിപ്പിക്കുന്ന ജെൻ AI കോൺക്ലേവിൽ മന്ത്രി പി രാജീവിന്റെ സാന്നിദ്ധ്യത്തിലാണ് ധാരണാപത്രം കൈമാറിയത്.

✪✪✪

സഹകരണ നിയമ പരിഷ്ക്കരണത്തിലൂടെ ഈ മേഖലയിൽ വൻ മാറ്റങ്ങൾക്കാണ് വഴി തുറക്കുന്നതെന്ന് മന്ത്രി വി.എൻ. വാസവൻ അഭിപ്രായപ്പെട്ടു. സാങ്കേതികവിദ്യയിലധിഷ്ഠിതമായ പ്രവർത്തനത്തിലൂടെ സഹകരണ സംഘങ്ങൾ കാര്യക്ഷമത കൈവരിച്ച് മുന്നോട്ട് പോകണമെന്നും മന്ത്രി പറഞ്ഞു. പോലീസ് സഹകരണ സംഘത്തിന്റെ കീഴിൽ തിരുവനന്തപുരത്ത് ആരംഭിച്ച സഹകരണ നീതി മെഡിക്കൽ സ്റ്റോർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കർക്കിടക വാവുബലി നടക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പ്രാദേശികമായി അവലോകന യോഗങ്ങൾ ചേർന്ന് ക്രമീകരണങ്ങൾ ഉറപ്പാക്കണമെന്ന് മന്ത്രി V.N വാസവൻ നിർദ്ദേശം നൽകി. കർക്കിടകവാവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ ചർച്ചചെയ്യാൻ തിരുവല്ലത്ത് വിളിച്ചു ചേർത്ത യോഗത്തിലാണ് നിർദ്ദേശം നൽകിയത്.

എല്ലാ ബലിതർപ്പണ കേന്ദ്രങ്ങളിലും ഭക്തജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കണമെന്നും മന്ത്രി പറഞ്ഞു.

✪✪✪

മാനവിക പക്ഷത്ത് ഉറച്ചു നിന്ന് രാഷ്ട്രീയം പറയാൻ കലയെ ഉപയോഗപ്പെടുത്തിയ കലാകാരനാണ് സുരേന്ദ്രൻ നായരെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ദൃശ്യകലാരംഗത്ത് സംസ്ഥാന ഗവൺമെന്റ് നൽകുന്ന പരമോന്നത ബഹുമതിയായ രാജാരവിവർമ്മ പുരസ്കാരം തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ പ്രശസ്ത ചിത്രകാരൻ സുരേന്ദ്രൻ നായർക്ക് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

മൂന്നുലക്ഷം രൂപയും കീർത്തിപത്രവും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവുമടങ്ങിയതാണ് രാജാരവിവർമ്മ പുരസ്കാരം.

✪✪✪

സംസ്ഥാനഗവൺമെന്റിന്റെ കായികനയം നടപ്പാക്കുന്നതിന്റെ ഭാഗമായി, കായികവകുപ്പിന്റെ നേതൃത്വത്തിൽ ഇ-സ്പോർട്സ് ഹബ്ബുകൾ തുടങ്ങുന്നതിന് നടപടി ആരംഭിച്ചു. ഇതിനു മുന്നോടിയായി എല്ലാ MLA മാർക്കും ഇ-സ്പോർട്സിൽ ഒരു ആമുഖ പരിപാടി നിയമസഭാ മന്ദിരത്തിൽ സംഘടിപ്പിച്ചു. സ്പീക്കർ A.N.ഷംസീർ ഉദ്ഘാടനം ചെയ്തു.

സർവകലാശാലകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ തുടങ്ങി സംസ്ഥാനമൊട്ടാകെ വലിയ രീതിയിൽ ഇ- സ്പോർട്സ് പദ്ധതി നടപ്പിലാക്കാനാണ് കായികവകുപ്പ് തയ്യാറെടുക്കുന്നത്.

'എല്ലാവർക്കും കായികം, എല്ലാവർക്കും ആരോഗ്യം' എന്ന ലക്ഷ്യം പൂർത്തീകരിക്കുവാനായി പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ വരെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിരിക്കുകയാണ്. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന കായികവിനോദമാണ് ഇ-സ്പോർട്സ്. കൂടുതൽ പേരെ കായിക വിനോദങ്ങളിലേക്ക് ആകർഷിക്കാൻ ഇ-സ്പോർട്സിന് സാധിക്കും.

✪✪✪

വിദ്യാർത്ഥികൾ നിയമ ബോധമുള്ളവരായി വളരണമെന്നും നിയമപരിജ്ഞാനം ആപത്ക്കരമായ കൂട്ടുകെട്ടിൽ നിന്നും മാറി നിൽക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുമെന്നും കാസർഗോഡ് ജില്ലാ പോലീസ് മേധാവി P.ബിജോയ് പറഞ്ഞു. ഈ മാസം ഒന്നിന് രാജ്യത്ത് നിലവിൽ വന്ന പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ച് ജില്ലയിലെ S.P.C അദ്ധ്യാപകർക്കായി നടത്തിയ നിയമ ബോധവൽക്കരണ ക്ലാസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ലണ്ടനിൽ വിംബിൾഡൺ ടെന്നീസ് വനിതാ സിംഗിൾസിൽ ചെക്ക് താരം ബാർബോറ ക്രെജ്സിക്കോവയും ഇറ്റലിയുടെ ജാസ്മിൻ പൗളിനിയും ഫൈനലിൽ പ്രവേശിച്ചു. സെമിയിൽ ക്രെജ്സിക്കോവ, കസാക്കിസ്ഥാന്റെ എലീന റൈബാകിനയെയും ജാസ്മിൻ പൗളിനി ക്രൊയേഷ്യയുടെ ഡോണ വെക്കിച്ചിനെയും തോൽപ്പിച്ചു. നാളെയാണ് ഫൈനൽ.

ഇന്ന് പുരുഷ സിംഗിൾസ് സെമിയിൽ സ്പാനിഷ് താരം നിലവിലെ ചാമ്പ്യൻ കാർലോസ് അൽകാരസ്,റഷ്യൻ താരം ഡാനിൽ മെദ്‌വദേവിനെ നേരിടും. മറ്റൊരു സെമിയിൽ സെർബിയൻ താരം നൊവാക് ജോക്കോവിച്ച് ഇറ്റലിയുടെ ലോറെൻസോ മുസെറ്റിയെ നേരിടും.

✪✪✪

ഇന്ത്യ-ശ്രീലങ്ക മൂന്ന് മത്സര ടി-20 പരമ്പരയിലും മൂന്ന് ഏകദിന മത്സര പരമ്പരയിലും പങ്കെടുക്കാൻ ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീം ഈ മാസം 22ന് ശ്രീലങ്കയിലെത്തും. ഇന്ത്യൻ ടീമിന്റെ പര്യടനത്തിന്റെ വിശദാംശങ്ങൾ ശ്രീലങ്കൻ ക്രിക്കറ്റ് അസോസിയേഷൻ പുറത്തുവിട്ടു. ഈ മാസം 26,27,29 തീയതി കളിലാണ് ട്വന്റി-20പരമ്പര. അടുത്തമാസം ഒന്ന്,നാല്,ഏഴ് തീയതികളിലാണ് ഏകദിന മത്സര പരമ്പര.

✪✪✪

തിരുവനന്തപുരം ജില്ലയിൽ അഞ്ച് പേർക്ക് കൂടി കോളറ സ്ഥിരീകരിച്ചു. ഇതോടെ ജില്ലയിൽ കോളറ സ്ഥിരീകരിച്ചവരുടെ എണ്ണം ഏഴായി.

✪✪✪

സംസ്ഥാനത്ത് അടുത്ത നാല് ദിവസം വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വടക്കൻ ജില്ലകളിൽ മഴ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്. കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪